പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ **1748**

**10.03.2020** -ലെ മറുപടിയ്ക്ക്

## തൊഴിലാളി സംഘടനകൾ നടത്തുന്ന മൗലികാവകാശ ലംഘനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ് : | പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) തൊഴിലെടുത്ത് ജീവിക്കുവാനുള്ള അവകാശം രാജ്യത്ത് ഓരോ പൗരനും ഭരണഘടന ഉറപ്പ് നൽകുമ്പോൾ തങ്ങൾ നിശ്ചയിക്കുന്നതു പോലെ മാത്രമേ ആളുകൾ പണി ചെയ്യാവൂ എന്ന് തൊഴിലാളി സംഘടനകൾ ഭീഷണിപ്പെടുത്തുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കോഴിക്കോട് എലത്തൂരിലെ ഓട്ടോ ഡ്രൈവറായ രാജേഷ് എന്ന യുവാവിന് തൊഴിൽ എടുത്ത് ജീവിക്കുവാനുള്ള മൗലികാവകാശം നിഷേധിക്കുകയും മറ്റ് മാർഗങ്ങളില്ലാതെ അയാൾ ആത്മഹത്യ ചെയ്യുതുമായ സംഭവം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;<br><br>(സി)ഇക്കാര്യത്തിലുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ്; ഏതെങ്കിലും തൊഴിലാളി സംഘടനയുടെ ഭീഷണിയാണോ ഈ യുവാവിനെ ആത്മഹത്യയിലേക്ക് നയിച്ചത്; ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | (ബി) യും (സി) യും - വിഷയം ഗൗരവമായി പരിഗണിച്ചിട്ടുണ്ട്.<br>കോഴിക്കോട് എലത്തൂർ പോലീസ് സ്റ്റേഷൻ ക്രൈം.നം.703/2019 U/s 143,147, 341, 323, 506, 307, 306 r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് പ്രതികൾക്കെതിരെ അന്വേഷണം നടന്നു വരുന്നു. കേസിൽ ഇതുവരെ 7 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസിന്റെ ഇതുവരെയുള്ള അന്വേഷണത്തിൽ രാജേഷ് എന്ന യുവാവ്, തൊഴിൽ എടുത്ത് ജീവിക്കാനുള്ള മൗലികാവകാശം നിഷേധിച്ചതിന്റെ കാരണത്താലോ ഏതെങ്കിലും തൊഴിലാളി സംഘടനയുടെ ഭീഷണിയാലോ ആത്മഹത്യ ചെയ്തതാണെന്ന് ഇതുവരെ വെളിവായിട്ടില്ല. ഇത് സംബന്ധിച്ച കേസിന്റെ അന്വേഷണം പൂർത്തീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ